©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം,
ചൊവ്വ
Thiruvananthapuram,
Tuesday

2026 ഫെബ്രുവരി 03
03rd February 2026
1201 മകരം 20
20th Makaram 1201
1947 മാഘം 14
14th Magha 1947

നമ്പർ
No.
425

കേരള സർക്കാർ

റവന്യൂവകുപ്പ്

1961 ലെ കേരള സർവ്വേയും അതിർത്തിയും സംബന്ധിച്ച ആക്ടിലെ 6(1) വകുപ്പ് പ്രകാരമുള്ള പരസ്യം

LAG1/57/2025-A1 പാലക്കാട്, 02-02-2026

പാലക്കാട് ജില്ല ,മണ്ണാർക്കാട് താലൂക്ക് അലനല്ലൂർ 2,3 എന്നീ വില്ലേജുകളിലായി, വെളളിയാറിനു കുറുകെ അലനല്ലൂർ-കണ്ണംകുണ്ട് -കൊടിയംകുന്ന് പാതയിൽ 1/950 കി.മീ കണ്ണംകുണ്ട് പാലത്തിന്റെ സ്ഥലമെടുപ്പിനായി സ്പെഷ്യൽ തഹസിൽദാർ എൽ.എ.(ജി) നം.1 പാലക്കാടിനെ ജില്ലാകളക്ടർ നിയമിച്ച് ഉത്തരവായിട്ടുണ്ട്. ടി പദ്ധതിയിൻ കീഴിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന താഴെ പറയുന്ന സർവ്വേ നമ്പറുകളിൽപ്പെടുന്ന ഭൂമികളുടെ സർവ്വേ നടത്തണമെന്ന് ഗവൺമെന്റ് നിർദ്ദേശിച്ചിരിക്കയാൽ ടി വില്ലേജുകളിൽ സർവ്വേ പ്രവർത്തനങ്ങൾ വേഗം തന്നെ ആരംഭിക്കുന്നതാണെന്നും താഴെ പറയുന്ന സർവ്വേ നമ്പറുകൾ അതിർത്തി തിരിച്ച് സർവ്വേ ചെയ്യുന്നതാണെന്നും 1961 ലെ കേരള സർവ്വേയും അതിർത്തിയും സംബന്ധിച്ച ആക്ടിലെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

6(1)വകുപ്പ് പ്രകാരം ഇതിനാൽ പരസ്യം ചെയ്യുന്നു. മേൽ പറഞ്ഞ ഭൂമികളുടെ ഉള്ളിലോ അഥവാ അവയോട് ചേർന്നോ സ്ഥിതി ചെയ്യുന്ന രജിസ്റ്റർ ചെയ്ത ഭൂമികളിൽ അവകാശമുണ്ടെന്ന് തേർച്ച ചെയ്യുന്ന ഏതൊരാളെയും നേരിട്ടോ ഏജന്റ് മുഖേനയോ സ്ഥലത്ത് ജോലി ചെയ്യുന്ന സർ വ്വേയറുടെ അടുത്ത് ഹാജരാകുന്നതിനും അതിരുകൾ കാണിച്ചുകൊടുക്കുന്നതിനും അതോട് ബന്ധപ്പെട്ട വിവരങ്ങൾ നൽകുന്നതിനുമായി ഇതിനാൽ ക്ഷണിച്ചു കൊള്ളുന്നു. പ്രസ്തുത ആക്ടിലെ 6(2) വകുപ്പ് പ്രകാരം ഈ പരസ്യം മേൽപറഞ്ഞ ഭൂമികളിൽ അവകാശ ബന്ധമുള്ള ഏതൊരാൾ ക്കുമുള്ള സാധുവായ നോട്ടീസായി കണക്കാക്കപ്പെടാവുന്നതാണ്. പ്രസ്തുത ആക്ടിലെ 6(3) വകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്ത പ്രകാരം രജിസ്റ്റർ ചെയ്ത് കൈവശക്കാരനും

(എ) സർവ്വേ ചെയ്യുന്നതിനുവേണ്ടി നിർമ്മാർജ്ജനം ചെയ്യേണ്ട,ആവശ്യമുണ്ടായേക്കാവുന്ന വല്ല മരങ്ങളോ കുറ്റിക്കാടുകളോ, വേലികളോ, നിൽക്കുന്ന വിളകളോ അഥവാ സാരവത്തായ മറ്റ് തടസ്സങ്ങളോ 15 ദിവസങ്ങൾ ക്കകം മുറിച്ച് കളയുകയോ, നീക്കം ചെയ്യുകയോ ചെയ്ത് അതിരുകളോ മറ്റ് ലൈനുകളോ വെടിപ്പാക്കണമെന്നും.

(ബി) കൊടി പിടിക്കുന്നവരെയും, ചെയിൻമാൻമാരെയും നിയോഗിച്ച് അതാത് സമയം ആവശ്യമായേക്കാവുന്ന സമയത്തേക്കും, കാലത്തേക്കും, തൊഴിലാളികളെ ഏർ പ്പെടുത്തണമെന്നും

(സി) അനുയോജ്യമായ സർവ്വേ അടയാളങ്ങൾ നൽകണമെന്നും മറ്റ് പ്രകാരത്തിൽ പ്രസ്തുത ആക്ടോ അതുപ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളോ അനുസരിച്ച് ആവശ്യപ്പെട്ടേക്കാവുന്ന സഹായങ്ങൾ സർവ്വേയർക്ക് നൽകണമെന്നും ഇതിനാൽ ആവശ്യപ്പെടുന്നു.

മേൽ പറഞ്ഞ (എ) മുതൽ (സി) വരെയുള്ള ഖണ്ഡങ്ങൾ പ്രകാരമുള്ള ഈ അഭ്യർത്ഥനകൾ അനുസരിക്കുന്നതിൽ ആരെങ്കിലും വീഴ്ച വരുത്തുകയാണെങ്കിൽ ജോലി കൂലിപ്പണിക്കാരെക്കൊണ്ട് ചെയ്യിക്കുന്നതിനും, ആയതിന്റെ ചിലവ് ആക്ടിലും, അതുപ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ വീഴ്ച വരുത്തിയിട്ടുള്ളവരിൽ നിന്നും വസൂലാക്കാവുന്നതുമാവുന്നു.

ഭൂമിയുടെ വിശദവിവരങ്ങൾ

ജില്ല - പാലക്കാട് താലൂക്ക് - മണ്ണാർക്കാട്
വില്ലേജ് - **അലനല്ലൂർ 2** ദേശം - പാലക്കാഴി
സർവ്വേ നമ്പറുകൾ -
122/2 pt , 108/1 pt

ജില്ല - പാലക്കാട് താലൂക്ക് - മണ്ണാർക്കാട്
വില്ലേജ് - **അലനല്ലൂർ 3** ദേശം - എടത്തനാട്ടുകര
സർവ്വേ നമ്പറുകൾ
635/2 pt , 636/4pt

(രണ്ടു വില്ലേജുകളിലുമായി 4 സർവ്വേ നമ്പറുകൾ 4 സബ് ഡിവിഷനുകൾ)

(ഒപ്പ്)

സ്പെഷ്യൽ തഹസിൽദാർ
എൽ.എ(ജനറൽ)നമ്പർ–1
പാലക്കാട്

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.02.03 07:36:32 +05:30